(ഡി) സർക്കാർ എയിഡഡ് സ്കൂളുകളിലെ അദ്ധ്യയനവും പരീക്ഷയും മെച്ചപ്പെടുത്തുന്നതിനാവശ്യമായ അദ്ധ്യാപക പരിശീലനം ഇപ്പോൾതന്നെ കൊടുക്കുന്നുണ്ട്. സ്കൂൾ ലാബുകൾ, ലൈബ്രറികൾ എന്നിവ പ്രയോജനകരമായി ഉപയോഗിക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. നിലവാരം കുറഞ്ഞ സ്കൂളുകൾ സന്ദർശിച്ച് സ്കൂൾ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങളും സഹായവും ചെയ്തുകൊടുക്കാൻ ജില്ലാ വിദ്യാഭ്യാസ ആഫീസർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്കൂളുകളെ ദത്തെടുത്ത് നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പഠനരീതികൾ ഏർപ്പെടുത്തിക്കൊണ്ട് അത്തരം സ്കൂളുകളിൽ 10-ാം ക്ലാസ്സിൽ മാത്രമല്ല 8, 9 എന്നീ ക്ലാസ്സുകളിലും പൊതുവേ പഠനനിലവാരം ഉയർത്താനുള്ള പ്രവർത്തനങ്ങൾ അദ്ധ്യാപകർ നടത്തുന്നുണ്ട്.

(ഇ) സിലബസ് അനുസരിച്ചുള്ള പാഠഭാഗങ്ങൾ പഠിപ്പിച്ച് തീർക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് ഹെഡ്മാസ്റ്റർമാരാണ്. പാഠഭാഗങ്ങൾ പഠിപ്പിച്ച് തീർക്കുന്നില്ല എന്ന യാതൊരു പരാതിയും ലഭിച്ചിട്ടില്ല. പരാതി ലഭിക്കുന്നപക്ഷം നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഹൈസ്കൂൾ വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി പരിപോഷിപ്പിക്കാൻ നടപടി

12 (*402) ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈസ്കൂൾ വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി പരിപോഷിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ സ്കൂളുകളിലെ സയൻസ് ക്ലാസ്സുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ സയൻസ് ക്ലാസ്സുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ സ്കൂൾ തലത്തിൽ നടത്തുന്ന ശാസ്ത്രമേളകൾ വിപുലീകരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ഡി) ശാസ്ത്രമേളകളിൽ പ്രാഗത്ഭ്യം തെളിയിക്കുന്ന വിദ്യാർത്ഥികൾക്ക് എന്തൊക്കെ പ്രോത്സാഹനമാണ് സർക്കാർ നൽകി വരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തെ ചില സന്നദ്ധസംഘടനകൾ സ്കൂൾതലത്തിൽ ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുവാൻ പ്രവർത്തനങ്ങൾ നടത്തി വരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ ഇത്തരം സംഘടനകളുടെ പ്രവർത്തനം പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഹൈസ്കൂൾ പ്രൈമറി തലങ്ങളിൽ ശാസ്ത്രപഠനം രസകരമാക്കാനുള്ള ശാസ്ത്രക്ലാസ്സുകൾ രൂപീകരിച്ച് ഒരു സ്പോൺസറുടെ നേതൃത്വത്തിൽ സ്കൂളുകളിലെ ശാസ്ത്രപ്രവർത്തനങ്ങൾ മികച്ചതാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്കൂൾ തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ശാസ്ത്ര ക്വിസുകൾ, ശാസ്ത്രസെമിനാറുകൾ, ശാസ്ത്രഉപന്യാസരചന, ശാസ്ത്രമേള എന്നിവയിൽ മത്സരങ്ങൾ സംഘടിപ്പിച്ച് വിജയികളെ തെരഞ്ഞെടുത്ത് സർട്ടിഫിക്കറ്റുകൾ, ക്യാഷ് അവാർഡുകൾ ട്രോഫികൾ ഇവ നൽകി വേണ്ട വിധത്തിൽ പ്രോത്സാഹനം നൽകുന്നു. ശാസ്ത്രഗവേഷണത്തിൽ അഭിരുചി ഉണ്ടാക്കുന്നതിനായി തെരഞ്ഞെടുത്ത ചെറിയ ഗവേഷണ പ്രോജക്ടുകൾ നടത്തുന്നതിനും പ്രോത്സാഹനം നൽകുന്നുണ്ട്.

(ബി) ജില്ലാ വിദ്യാഭ്യാസ ഓഫീസ് തലത്തിൽ ശാസ്ത്രപഠനം വിലയിരുത്തുന്നുണ്ട്. സയൻസ് വിഷയങ്ങളിൽ സംസ്ഥാനത്തെ മുഴുവൻ അദ്ധ്യാപകർക്കും 5 ദിവസത്തെ ഇൻസർവീസ് പരിശീലനം (തിയറി ആന്റ് പ്രാക്ടിക്കൽ) നൽകിയിട്ടുണ്ട്. ശാസ്ത്രവിഷയപഠനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങളും റഫറൻസ് ഗ്രന്ഥങ്ങളും വർഷം തോറും സ്കൂളുകളിൽ കൊടുക്കുന്നുണ്ട്. ലാബോറട്ടറി ഉപകരണങ്ങളുടെ ഉപയോഗത്തെപ്പറ്റി സംസ്ഥാന തലത്തിൽ പഠനം നടത്തുന്നതിന് ഒരു ചോദ്യാവലി തയ്യാറാക്കി എല്ലാ സ്കൂളുകളിലേക്കും അയച്ചിട്ടുണ്ട്. റിപ്പോർട്ട് പൂർത്തിയായിട്ടില്ല.

(സി) എൻ.സി.ഇ.ആർ.ടി. നൽകുന്ന മാർഗ്ഗനിർദ്ദേശമനുസരിച്ചാണ് ശാസ്ത്രമേളകൾ നടത്തിക്കൊണ്ടിരിക്കുന്നത്.

(ഡി) ശാസ്ത്രമേളകളിൽ വിജയികളാകുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡുകൾ, സർട്ടിഫിക്കറ്റുകൾ, ട്രോഫികൾ എന്നിവ നൽകുന്നു. കൂടാതെ സംസ്ഥാനതല മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് 5 ശതമാനവും മൂന്നാം സ്ഥാനം നേടുന്നവർക്ക് 3 ശതമാനവും ഗ്രേസ് മാർക്ക് നൽകി വരുന്നു.

(ഇ&എഫ്) ജവഹർ ബാലഭവൻ ഹൈസ്കൂൾ തലത്തിൽ സയൻസ് കോൺഗ്രസ് ശാസ്ത്ര പ്രോജക്ടുകളുടെ മത്സരം നടത്തി വരുന്നു. ഇത് സംഘടിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും സഹായവും വിദ്യാഭ്യാസ വകുപ്പ് നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly